# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1671** 14-12-2012-ൽ മറുപടിക്ക്

കെട്ടിട നിർമ്മാണ നിയന്ത്രണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ഡോ.എം.കെ.മുനീർ** (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെട്ടിട നിർമ്മാണ നിയന്ത്രണ നിയമത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |
| (ബി) കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഗ്രാമപഞ്ചായത്തുകളെ കാറ്റഗറി 1-ഉം 2-ഉം ആയി തരംതിരിച്ചിട്ടുണ്ട്. ചട്ടം 10 പ്രകാരം കാറ്റഗറി 2 ൽപെട്ട ഗ്രാമപഞ്ചായത്തുകളിൽ 300 ച.മീ വരെയുള്ള താമസ കൈവശ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്കും ഗ്രൂപ്പ് എ2 & എഫ് കൈവശ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്കും പൗൾട്രിഫാം, ലൈവ് സ്റ്റോക്ക്ഫാം മുതലായ 150 ച.മീ വരെയുള്ള രണ്ട് നിലയിൽ കവിയാതെയുള്ള കെട്ടിടങ്ങൾക്കുംകെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ല.<br><br>കാറ്റഗറി 1-ൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ എല്ലാത്തരം നിർമ്മാണപ്രവർത്തനങ്ങൾക്കും പെർമിറ്റ് ബാധകമാണ്. മുൻകൂർ പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ജോലികൾ ആരംഭിക്കുന്നതിന് കുറഞ്ഞത് 10 ദിവസം മുൻപ് നിലവിലുള്ള സ്ഥിതിയും ഉദ്ദിഷ്ടമായവയും സംബന്ധിച്ച വിശദ വിവരങ്ങൾ സെക്രട്ടറിയെ അറിയിച്ചാൽ മതിയാകും. സെക്രട്ടറിയ്ക്ക് എന്തെങ്കിലും തടസ്സവാദങ്ങൾ ഉള്ള പക്ഷം 10 ദിവസത്തിനുള്ളിൽ ഉടമസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻകൂർ പെർമിറ്റ് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾക്ക് 6-ാം ചട്ടപ്രകാരം പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം വിശദാംശങ്ങളും പണിയുടെ വിവരങ്ങളും സഹിതം സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ, |

കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന പ്രമാണം ഉൾപ്പെടെ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകൾ പാലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. ചട്ടം 27 പ്രകാരമുള്ള തുറസ്സായ സ്ഥലവും ചട്ടം 28 അനുസരിച്ചുള്ള തെരുവുകളിൽ നിന്നും പ്രധാന വീഥികളിൽ നിന്നും ഉണ്ടായിരിക്കേണ്ട ദൂരവും ചട്ടം 35 പ്രകാരമുള്ള തറവിസ്തീർണ്ണ അനുപാതവും (FAR) കേരള പഞ്ചായത്ത് രാജ് 220(ബി) വകുപ്പ് പ്രകാരമുള്ള ദൂരപരിധിയും പരിഗണിച്ചശേഷമാണ് നിലവിൽ പെർമിറ്റ് നൽകുന്നത്.

ചട്ടം 11-ൽ നിഷ്കർഷിച്ചിട്ടുള്ളതിന് വിധേയമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൈറ്റ് നേരിട്ട് പരിശോധിച്ചും ചട്ടം 14-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ, അവ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം ലിഖിതമായ ഉത്തരവിനാൽ സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യേണ്ടതും വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(സി) വീടുകൾക്ക് മഴവെള്ള സംഭരണം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേരള പഞ്ചായത്ത്കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 101 പ്രകാരം വാസഗൃഹവിഭാഗത്തിൽപ്പെടുന്ന തറവിസ്തീർണ്ണം 150 ച.മീ ന് മുകളിലുള്ളതും അവയുടെ പ്ലോട്ട് വിസ്തീർണ്ണം 320 ച.മീറ്ററിന് മുകളിലുള്ളതുമായ കെട്ടിടങ്ങൾ ഉൾപ്പെടെ മറ്റെല്ലാത്തരം കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) മഴവെള്ള സംഭരണി ഇല്ല എന്ന കാരണത്താൽ കീഴരിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് നമ്പർ ലഭിക്കാത്ത എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

(ഡി) മഴവെള്ള സംഭരണി ഇല്ല എന്ന കാരണത്താൽ നമ്പർ ലഭിക്കാത്ത വീടുകളൊന്നും കീഴരിയൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല.

സെക്ഷൻ ഓഫീസർ